(ബി&സി) വരൾച്ച, വേനൽമഴ, കാലവർഷം എന്നിവമൂലം കൃഷിനാശം സംഭവിക്കുമ്പോൾ അർഹമായ നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.

"വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി"

3 (2759) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽ നിന്നും എത്ര രൂപ ചെലവായി എന്നറിയിക്കാമോ ;

(ബി) ഓരോ വർഷവും ഓരോ ജില്ലയ്ക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ ഇനത്തിൽ കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2001-2002, 2002-2003 എന്നീ വർഷങ്ങളിലും 2003-2004 വർഷത്തിൽ ഇതുവരെയും ആകെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും വെള്ളപ്പൊക്കക്കെടുതികൾക്ക് സഹായം അനുവദിക്കുന്നതിലേയ്ക്കായി 18, 543 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഓരോ വർഷവും ജില്ലകൾക്ക് അനുവദിച്ച തുക താഴെ കാണും പ്രകാരമാണ്:-

തുക ലക്ഷത്തിൽ

ജില്ല	2001-2002	2002-2003	2003-2004 (ഇതുവരെ)	ആകെ
തിരുവനന്തപുരം	810	266	317	1,393
കൊല്ലം	439	496	317	1,252
പത്തനംതിട്ട	377	425	317	1,119
ആലപ്പുഴ	466	587	317	1,370
കോട്ടയം	500	594	317	1,411
ഇടുക്കി	393	178	319	890
എറണാകുളം	767	558	317	1,642
തൃശ്ശൂർ	482	493	317	1,292
പാലക്കാട്	1,278	647	317	2,242

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം	488	509	317	1,314
കോഴിക്കോട്	387	619	321	1,327
വയനാട്	238	452	317	1,007
കണ്ണൂർ	357	660	317	1,334
കാസർഗോഡ്	294	337	319	950
ആകെ	7,276	6,821	4,446	18,543

(സി) വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശ നഷ്ടങ്ങൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരുമിച്ചാണ് കേന്ദ്ര സഹായം അനുവദിക്കുന്നത്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി പ്രത്യേക തുക അനുവദിക്കാറില്ല. 2001-2002, 2002-2003 എന്നീ വർഷങ്ങളിലും, 2003-2004 വർഷത്തിൽ ഇതുവരെയായും സംസ്ഥാന പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ച കേന്ദ്ര സഹായം തുക താഴെ കാണും പ്രകാരമാണ്.

		തുക ലക്ഷത്തിൽ
2001-2002	-	8,604 (2000-2001-ൽ ലഭിക്കേണ്ട ബാക്കി തുക ഉൾപ്പെടെ)
2002-2003	-	5,560
2003-2004 (ഇതുവരെ)	-	2,919

കാലവർഷക്കെടുതിക്ക് കേന്ദ്രസഹായം

4 (2760) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാലവർഷക്കെടുതിക്കായി കേന്ദ്രം എന്ത് തുകയാണ് സഹായമായി നൽകിയത്; ഓരോ വർഷവും ഇതിനായി എത്ര തുക ലഭിച്ചുവെന്നും വിശദമാക്കുമോ;

(ബി) ഈ വർഷത്തെ കാലവർഷക്കെടുതിക്ക് ദുരിതാശ്വാസമേകുവാൻ എന്ത് തുക അനുവദിച്ചു;

(സി) കാലവർഷക്കെടുതിയിൽ ഉണ്ടായ നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നാളിതുവരെ ഉണ്ടായ നഷ്ടം എത്രയാണെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly